**I. നമ്മുടെ രാജ്യപ്രതിഫലമായി ക്രിസ്തുവിനെ നാം ആസ്വദിക്കുന്നതിനായി, ക്രിസ്തുവിന്റെ മണവാട്ടിയായി സംരചിക്കപ്പെടേണ്ടതിന് ജീവിതത്തിൽ ഉണർന്നിരിക്കുകയും സേവനത്തിൽ വിശ്വസ്തരായിരിക്കുകയും ചെയ്യുന്നതിലൂടെ ഞെരുക്കമുള്ള വഴിയിൽ തങ്ങിക്കൊണ്ട് കർത്താവിന്റെ പ്രത്യക്ഷതയെ നാം സ്നേഹിക്കണം, അത് ഇന്ന് നമുക്ക് അവന്റെ പ്രത്യക്ഷതയും വെളിപ്പെടലും, അവന്റെ രണ്ടാം വരവിൽ അവന്റെ ജനത്തോടുകൂടെയുള്ള അവന്റെ സാന്നിധ്യവുമാണ്**

കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുന്നതും കർത്താവിനെത്തന്നെ സ്നേഹിക്കുന്നതും വേർപിരിക്കാനാവാത്തതാണ്. അധഃപതനത്തിലുള്ള ക്രിസ്തുമതത്തെക്കുറിച്ച് 2 തിമൊഥെയൊസ് 3:2-5-ൽ അവതരിപ്പിച്ചിരിക്കുന്ന പ്രവചനപരമായ ചിത്രത്തിൽ, നാല് പ്രത്യേകതരം സ്നേഹികളെ പരാമർശിക്കുന്നു: സ്വസ്നേഹികൾ, ദ്രവ്യാഗ്രഹികൾ, ഭോഗസ്നേഹികൾ, ദൈവസ്നേഹികൾ; ഒരുവൻ എന്തിനെ സ്നേഹിക്കുന്നുവോ, അവന്റെ ഹൃദയം മുഴുവനും, അവന്റെ മുഴുവൻ ആളത്തംപോലും അതിന്മേൽ ഉറപ്പിക്കപ്പെടുകയും, അതിൽ വ്യപൃതനായി അതിനാൽ കൈവശമാക്കപ്പെടുകയും ചെയ്യുന്നു; ഇത് നിർണായകമാണ്! സഭയുടെ വിജയത്തിൽ മഹത്വത്തിന്റെ ഒരു ദിവസം ഉണ്ടായിരിക്കുമോ അതോ സഭയുടെ തകർച്ചയുടെ ദുഃഖകരമായ ദിവസങ്ങൾ ഉണ്ടായിരിക്കുമോ എന്നത് നാം എന്തുതരം സ്നേഹികളാണെന്നതിനെ ആശ്രയിച്ചിരിക്കുന്നു; സഭയുടെ തകർച്ചയുടെ മൂലകാരണം കർത്താവിനോടുള്ള അവളുടെ ആദ്യസ്നേഹത്തിന്റെ നഷ്ടമായിരുന്നുവെന്ന് ചരിത്രം പറയുന്നു. സഭയുടെ വിജയകരമായ നിലവാരം നിലനിർത്തുവാൻ, ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനുവേണ്ടി നാം ദൈവസ്നേഹികളായിരിക്കണം; തന്നെ സ്നേഹിക്കുന്നവർക്ക് ജീവകിരീടവും രാജ്യത്തിന്റെ അവകാശവും നൽകുമെന്ന് കർത്താവ് വാഗ്ദത്തം ചെയ്തിരിക്കുന്നു.

[2 Tim. 4:1] ഞാൻ ദൈവത്തിനും,... ക്രിസ്തു യേശുവിനും മുമ്പാകെ, അവന്റെ പ്രത്യക്ഷതയാലും അവന്റെ രാജ്യത്താലും, ഗൗരവത്തോടെ നിന്നോട് ആജ്ഞാപിക്കുന്നത്:
[2 Tim. 4:7-8] ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ.

- ക്രിസ്തീയ ഓട്ടത്തിലെ വിജയിയായ ഓട്ടക്കാരന്, കർത്താവിന്റെ രക്ഷയ്ക്കു പുറമേ, ഒരു സമ്മാനമായി നൽകപ്പെടുന്ന തേജസ്സിന്റെയും സൗന്ദര്യത്തിന്റെയും ഒരു പ്രതീകമാണ് വാടാത്ത കിരീടം. ഈ സമ്മാനം രക്ഷ എന്നപോലെ കൃപയിൽനിന്നോ വിശ്വാസത്താലോ അല്ല, മറിച്ച് പ്രവൃത്തികളിലൂടെയുള്ള നീതിയിൽനിന്നാണ്. നീതിയുടെ കിരീടം നൽകപ്പെടുന്നത് കർത്താവിന്റെ കൃപയ്ക്കനുസരിച്ചല്ല, മറിച്ച് അവന്റെ നീതിക്കനുസരിച്ചാണ്, അത് നൽകുന്നവൻ നീതിമാനായ ന്യായാധിപനായ കർത്താവായിരിക്കും.

  [James. 1:12] പരീക്ഷ സഹിക്കുന്ന മനുഷ്യൻ അനുഗൃഹീതൻ, എന്തുകൊണ്ടെന്നാൽ അവൻ ശോധനയാൽ അംഗീകൃതനായിത്തീരുമ്പോൾ, കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത, ജീവകിരീടം പ്രാപിക്കും.
  [James. 2:5] ...തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത...?

**II. അടുത്ത യുഗത്തിൽ നമ്മുടെ നീതിയുടെ കിരീടമായി ക്രിസ്തുവിനോടുകൂടെ പ്രതിഫലം പ്രാപിക്കുന്നതിന്, ഈ യുഗത്തിൽ നമ്മുടെ വ്യക്തിനിഷ്ഠനായി നാം അവനെ അനുഭവിക്കുകയും ആസ്വദിക്കുകയും നീതി വെളിപ്പെടുത്തി ജീവിക്കുകയും വേണം**

- വിശ്വാസികൾക്ക് ക്രിസ്തു നീതിയായിരിക്കുന്നതിന് രണ്ടു വശങ്ങളുണ്ട്. ദൈവത്തിങ്കലേക്കുള്ള നമ്മുടെ മാനസാന്തരത്തിന്റെയും ക്രിസ്തുവിലേക്ക് വിശ്വസിക്കുകയും ചെയ്ത സമയത്ത് ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നതിനു വേണ്ടിയുള്ള നമ്മുടെ വസ്തുനിഷ്ടമായ നീതിയാണ് ക്രിസ്തു. ക്രിസ്തുവിന്റെ ജീവിച്ചു വെളിപ്പെടുത്തുന്നതും യഥാർത്ഥവുമായ ആവിഷ്കാരമെന്ന നിലയിൽ നമ്മുടെ വ്യക്തിനിഷ്ഠമായ നീതിയും ക്രിസ്തുവാണ്, ഇത് ക്രിസ്തുവിനെ ജീവിക്കുന്നതിലൂടെ ദൈവത്തെ ആവിഷ്കരിക്കുന്നതിന്റെ ഉൽകൃഷ്ടമായ അവസ്ഥയാണ്.

  [Rom. 3:24] ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു;
    [Phil. 3:9] അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

- നീതിയുടെ ഈ രണ്ടു വശങ്ങൾ സങ്കീർത്തനം 45:13-14-ലെ രാജ്ഞിയുടെ രണ്ടു വസ്ത്രങ്ങളാൽ മുൻകുറിക്കപ്പെടുന്നു: ഒരു വസ്ത്രം വസ്തുനിഷ്ഠമായ നീതിയോട് യോജിക്കുന്നു, അത് നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ്. ക്രിസ്തു, ദൈവമുമ്പാകെ നീതീകരിക്കപ്പെടാനുള്ള ദൈവത്തിന്റെ നീതിപരമായ ആവശ്യകത സന്ധിക്കുവാൻ സഭയുടെ നീതിയായിത്തീരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. അവൾ പൊന്നിനാൽ പൊതിയപ്പെട്ടിരിക്കുന്നു എന്നത് ദിവ്യപ്രകൃതത്തിലുള്ള സഭയുടെ പ്രത്യക്ഷതയെ സൂചിപ്പിക്കുന്നു. മറ്റേ വസ്ത്രം നമ്മുടെ വിജയത്തിനുവേണ്ടിയുള്ള വ്യക്തിനിഷ്ഠമായ നീതിയുമായി യോജിക്കുന്നു. ജയിക്കുന്നവരായ വിശ്വാസികൾ ക്രിസ്തുവിന്റെ സംഘാത രാജ്ഞിയാണ്, അവർ ക്രിസ്തുവിൽ കാണപ്പെടുന്നതിനും അവൻ അവരുടെ വ്യക്തിനിഷ്ഠമായ നീതിയായിത്തീരുന്നതിനും വേണ്ടി ക്രിസ്തുവിനെ അവരുടെ രാജകീയ വാസസ്ഥലമായി എടുക്കുന്നു. മറ്റൊരു വസ്ത്രമായ, അവളുടെ ആവരണത്തിന്റെ രണ്ടാമത്തെ പാളിയായ, ഈ ചിത്രത്തയ്യലുള്ള വസ്ത്രം സൂചിപ്പിക്കുന്നത്, തങ്ങളുടെ വിവാഹത്തിന് ക്രിസ്തുവിന്റെ ആവശ്യകത നിറവേറ്റുവാൻ വിശുദ്ധന്മാരുടെ നീതിവസ്ത്രം ധരിച്ചവളായി സഭ തങ്ങളുടെ വിവാഹ സമയത്ത് ക്രിസ്തുവിലേക്ക് നയിക്കപ്പെടുമെന്നാകുന്നു. ചിത്രത്തയ്യലുള്ള വസ്ത്രം, നാം ജീവിച്ചു വെളിപ്പെടുത്തുന്ന നീതിയായിരിക്കുവാൻ നമ്മുടെ സ്വഭാവത്തിലേക്ക് നെയ്തുചേർത്തിരിക്കുന്ന, നമ്മുടെ ആളത്തത്തിലേക്ക് ചിത്രത്തയ്യൽ ചെയ്യപ്പെട്ട, വ്യക്തിനിഷ്ഠനായ ക്രിസ്തുവാണ്. ഈ ചിത്രത്തയ്യൽ ക്രിസ്തുവിനെ നമ്മുടെ വിവാഹവസ്ത്രമായിരിക്കുവാൻ, ക്രിസ്തുവിനെ നമ്മിലേക്ക് തുന്നിച്ചേർക്കുവാൻ, ദിനംപ്രതി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ രൂപാന്തരപ്പെടുത്തുന്ന വേലയെ സൂചിപ്പിക്കുന്നു. ദൈവം അംഗീകരിച്ച തന്റെ സ്വഭാവമായി ക്രിസ്തുവിനെ ധരിക്കുന്നതിന്, അധഃപതിച്ചുപോയ പ്രത്യുദ്ധാര സഭ, അവളുടെ വ്യക്തിനിഷ്ഠമായ നീതിയായി ക്രിസ്തുവിനെ ജീവിക്കുവാൻ വില കൊടുക്കേണ്ടതാവശ്യമാണ്.
  [Psa. 45:13-14] അ:ന്തപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻ കസവുകൊണ്ടുള്ളതു. അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും;...

## III. "കർത്താവ് എന്നെ....അവന്റെ സ്വർഗീയ രാജ്യത്തിലേക്ക് രക്ഷിക്കും"

- നീതിയുടെ കിരീടത്തിന് തുല്യമായ സ്വർഗീയ രാജ്യം "തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ", "എന്റെ പിതാവിന്റെ രാജ്യത്തിൽ", "ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ", " നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിൽ" ആണ്, അത് ജയിക്കുന്ന വിശുദ്ധന്മാർക്ക് ഒരു പ്രതിഫലമായിരിക്കും.

- ജയിക്കുന്ന വിശ്വാസികൾ സ്വർഗ്ഗരാജ്യത്തിന്റെ പ്രത്യക്ഷതയായ സ്വർഗ്ഗരാജ്യത്തിൽ പങ്കുചേരും. "നീതിമാന്മാർ" എന്ന നിലയിൽ, ജയിക്കുന്നവരായ രാജ്യത്തിന്റെ പുത്രന്മാർ അവരുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. സ്വർഗീയ രാജ്യത്തിൽ ജയാളികൾ തങ്ങളുടെ കർത്താവുമായുള്ള പുതിയ ഉടമ്പടിയുടെ പാനപാത്രം പുതുതായി കുടിക്കും. തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ ജയിക്കുന്ന വിശ്വാസികൾ പഴയനിയമ ജയാളികളോടുകൂടെ വിരുന്നു കഴിക്കും. ജയിക്കുന്നവർക്ക് സ്വർഗരാജ്യം സന്തോഷകരമായ ഒരു അവകാശമായിരിക്കും. സ്വർഗീയ രാജ്യത്തിൽ ജയാളികൾ നിത്യജീവൻ അവകാശമാക്കുകയും അതുവഴി ദിവ്യ ജീവന്റെ ഒരു പൂർണാസ്വാദനം ഉണ്ടായിരിക്കുകയും ചെയ്യും. സ്വർഗീയ രാജ്യത്തിൽ ജയാളികൾ കർത്താവിന്റെ സന്തോഷത്തിൽ പ്രവേശിക്കുകയും, അങ്ങനെ അവരുടെ ദേഹിയെ നേടുകയും, അവരുടെ ദേഹിയെ രക്ഷിക്കുകയും അവരുടെ ദേഹിയുടെ രക്ഷ ആസ്വദിക്കുകയും ചെയ്യും. സ്വർഗീയ രാജ്യത്തിൽ ജയിക്കുന്ന വിശ്വാസികൾ ക്രിസ്തുവിനോടുകൂടെ വാഴുകയും രാഷ്ട്രങ്ങളുടെമേൽ ഭരണം നടത്തുകയും ചെയ്യും.
  [2 Tim. 4:18] കർത്താവ് എന്നെ സകല ദുഷ്പ്രവൃത്തിയിൽ നിന്നും വിടുവിച്ച് തന്റെ സ്വർഗീയ രാജ്യത്തിലേക്ക് എന്നെ രക്ഷിക്കും, അവന് എന്നെന്നേക്കും മഹത്വം. ആമേൻ.
  [Matt. 13:43] അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും...
  [Matt. 25:21] ..നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.
  [Rev. 20:6] ..അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരമാണ്ട് അവനോടുകൂടെ വാഴും..